**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 89** — **03-02-2020-ൽ മറുപടിക്ക്.**

## കോതമംഗലം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെ എത്ര ജനസേവന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും അക്ഷയ കേന്ദ്രങ്ങളും ജില്ലാ ആസ്ഥാനങ്ങളിൽ ഓരോന്നു വീതം പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുമാണ് സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നത്. കോതമംഗലം മണ്ഡലത്തിൽ 21 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോതമംഗലം മണ്ഡലത്തിൽ ഒരു അക്ഷയ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എത്ര പുതിയ ജനസേവനകേന്ദ്രങ്ങൾ കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | |
| (സി) മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഇല്ല. |
| (ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. |

| | |
|---|---|
| (ഇ) ഹൈറേഞ്ചിന്റെ കവാടമായ കോതമംഗലം മണ്ഡലത്തിൽ അക്ഷയ ഉൾപ്പെടെ പുതിയ ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ? | (ഇ) കോതമംഗലം മണ്ഡലത്തിൽ ചുവടെ പറയുന്ന 6 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| ക്രമ നം. | ഗ്രാമപഞ്ചായത്ത്/ നഗരസഭ | ലൊക്കേഷൻ |
|---|---|---|
| 1. | പിണ്ടിമന | ചെങ്കര |
| 2. | കീരമ്പാറ | ഊഞ്ഞാപ്പാറ |
| 3. | കവളങ്ങാട് | ഊന്നുകൽ |
| 4. | കവളങ്ങാട് | നീണ്ടപാറ |
| 5. | നെല്ലിക്കുഴി | ഇരുമലപ്പടി |
| 6. | കോതമംഗലം | കമ്മ്യൂണിറ്റി ഹാൾ, കമ്പളത്തുമുറി |

**സെക്ഷൻ ഓഫീസർ**